കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കൊച്ചി നഗരസഭ – 'കൊച്ചിൻ കാർണിവൽ 2017'ന്റെ സംഘാടനവുമായി ബന്ധപ്പെട്ട് കൊച്ചി നഗരസഭയിൽ നിന്നും തുക അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

## തദ്ദേശ സ്വയം ഭരണ (എഫ്.എം.) വകുപ്പ്

സ.ഉ.(സാധാ) നം.3964/2017/തസ്വഭവ    തിരുവനന്തപുരം, തീയതി: 11.12.2017

പരാമർശം:- കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിയുടെ 16/03/2017 തീയതിയിലെ എം.ഒ.ആർ 5/35335/2013 നമ്പർ കത്ത്.

## ഉത്തരവ്

'കൊച്ചിൻ കാർണിവൽ 2017' നുള്ള മേയേഴ്സ് ട്രോഫി, പ്രൈസ് മണി, റാലി എന്നീ ആവശ്യങ്ങളുടെ ചെലവുകൾക്കായി 3,00,000/- (മൂന്നു ലക്ഷം രൂപ) കൊച്ചി നഗരസഭയിൽ നിന്നും അനുവദിക്കുന്നതിന് പരാമർശ കത്ത് പ്രകാരം കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറി അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. 'കൊച്ചിൻ കാർണിവൽ 2017' നുള്ള മേയേഴ്സ് ട്രോഫി, പ്രൈസ് മണി, റാലി എന്നീ ആവശ്യങ്ങളുടെ ചെലവുകൾക്കായി കൊച്ചി നഗരസഭയിൽ നിന്നും 3,00,000/- (മൂന്നു ലക്ഷം രൂപ) കൗൺസിൽ തീരുമാനത്തിന് വിധേയമായി അനുവദിച്ചു നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
സിനി.ജെ.ഷുക്കൂർ,
ഡെപ്യൂട്ടി സെക്രട്ടറി.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
മുനിസിപ്പൽ സെക്രട്ടറി, കൊച്ചി നഗരസഭ
ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ